മുൻസിഫ് കോടതി.

77. [37] ശ്രീ. പി. വി. അവിരാത്തരകൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിൽ അരൂക്കുറ്റിയിൽ മുൻസിഫ് കോടതി വേണമെന്നു കാണിച്ച് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ;

(സി) എന്നത്തേയ്ക്ക് അവിടെ മുൻസിഫ് കോടതി സ്ഥാപിക്കണമെന്ന് വിചാരിക്കുന്നുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) അവിടെ ഒരു മുൻസിഫ് കോടതി വേണമോ എന്നുള്ളതു സംബന്ധിച്ച് ഗവണ്മെൻറ് വേണ്ട അന്വേഷണം നടത്തി.

(സി) അവിടെ തൽക്കാലം മുൻസിഫ് കോടതി സ്ഥാപിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

ലേബർ കാൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ പുനലൂർ വച്ചു കൂടിയ യോഗം.

78. [38] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേബർ കാൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ 17-7-55-ൽ പുനലൂർ വച്ചു കൂടിയ ഒരു യോഗത്തിൽ സി. എം. സ്റ്റീഫൻ എന്നൊരാൾ പരസ്യമായി കൊലപാതകത്തിനു പ്രേരിപ്പിച്ചതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രസംഗത്തിൻെറ പേരിൽ ശ്രീ. സി. എം. സ്റ്റീഫൻെറ പേരിൽ നടപടി എടുത്തിട്ടുണ്ടോ ;

(സി) പരസ്യമായി മനുഷ്യരെ കുത്തിക്കൊല്ലാൻ പ്രേരിപ്പിച്ച ഈ പ്രസംഗത്തെപ്പറ്റി ജനയുഗം, കേരളകൗമുദി, ദേശാഭിമാനി, മലയാളി എന്നീ പത്രങ്ങളും എഴുതിയ മുഖപ്രസംഗങ്ങളും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) ഇല്ല.
(ബി) ഇല്ല.
(സി) ഉണ്ട്.

കാർഷിക വായ്പ.

79. [39] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ജൂൺ 30-ാം തീയതി അവസാനിക്കുന്ന ഒരു വർഷത്തിൽ സ്റ്റേറ്റുകോഓപ്പറേറ്റീവ് ബാങ്കിൽ നിന്നും എത്ര രൂപാ

LIBRARY ARCHIVES Kerala Legislative Assembly

ഹ്രസ്വകാലകാർഷികവായ്പയും എത്ര രൂപാ മദ്ധ്യകാലകാർഷിക വായ്പയും കൊടുത്തിട്ടുണ്ട്;

(ബി) അതിലേയ്ക്ക് എത്ര രൂപ റിസർവ് ബാങ്കിൽ നിന്നും അനുവദിച്ചിരുന്നു; സംസ്ഥാനത്തെ സംഘങ്ങൾ എത്ര രൂപയ്ക്ക് അപേക്ഷിച്ചിരുന്നു?

ഉത്തരം.

(എ) 1955 ജൂൺ 30-ാം തീയതി വസാനിക്കുന്ന ഒരു വർഷത്തിൽ State Co-operative Bank-ൽ നിന്നും 1,13,155 (ഒരു ലക്ഷത്തി പതിമൂവായിരത്തി നൂറ്റി അൻപത്തിഅഞ്ച്) രൂപാ ഹ്രസ്വകാലവായ്പ കൊടുത്തിട്ടുണ്ട്. മദ്ധ്യകാലവായ്പകൾ ഇതുവരെ കൊടുത്തിട്ടില്ല.

(ബി) 1954-55 സഹകരണ വർഷത്തിൽ ഹ്രസ്വകാലവായ്പയ്ക്ക് 20 ലക്ഷം (ഇരുപത് ലക്ഷം) രൂപാ റിസർവ് ബാങ്കിൽ നിന്നും അനുവദിച്ചിരുന്നു. സംസ്ഥാനത്തെ സംഘങ്ങൾ 3,12,625 രൂപക്ക് അപേക്ഷിച്ചിരുന്നു.

ഗവണ്മെൻറ് ഡാക്ടർമാർക്ക് പ്രതിഫലം.

80. [41] ശ്രീ. പി. നാരായണൻപോറ്റി: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഗവണ്മെൻറ് ആശുപത്രികളിലുള്ള ഡാക്ടർമാർ മരുന്നു വിലയിനത്തിൽ സക്കാരിലേയ്ക്ക് ഒടുക്കേണ്ട തുകയ്ക്ക് പുറമെ വ്യക്തിപരമായി പ്രതിഫലവും, പാരിതോഷികങ്ങളും രോഗികളിൽ നിന്നും സ്വീകരിക്കരുതെന്ന് അനുശാസിക്കുന്ന നിയമങ്ങളെന്തെങ്കിലും നിലവിലുണ്ടോ?

ഉത്തരം.

ഉണ്ട്.

Loans to Municipalities.

81. [42] SHRI J. A. BHATT: Will the Minister for Local Self Government be pleased to state:

(a) out of the amount of Rs. 22,89,000 allotted in the current year's budget for advancement as loans to municipalities, what amounts have been disbursed before the end of August 1955 and to which municipalities;

(b) what is the cause for delay;

(c) are any municipalities shown any special consideration; if so, why?

Answer.

(a) Nil.

(b) The formalities required under the Local Authorities Loans Act and Rules have not been completed.

(c) No.

LIBRARY ARCHIVES Kerala Legislative Assembly